# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1812** 04-12-2018-ൽ

മറുപടി നൽകേണ്ടത്

## സി-ആപ്ടിന്റെ ആധുനികവൽകരണം

ചോദ്യം ഉത്തരം

**ശ്രീ. മോൻസ് ജോസഫ്** : **ഡോ.കെ.ടി.ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| **എ)** | സി-ആപ്ട് ആധുനികവൽകരിക്കുന്നതിന് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; | **എ)** | സർക്കാരിൽ നിന്ന് ലഭിക്കുന്ന പ്ലാൻ ഫണ്ട് തുക വിനിയോഗിച്ച് സി ആപ്റ്റ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി രണ്ട് സിംഗിൾ കളർ വെബ് ഓഫ്സെറ്റ് മെഷീൻ, ഒരു ഇമേജ് സ്കാനർ ആൻഡ് ഡിജിറ്റൽ പ്രിന്റർ, പോസ്റ്റ് പ്രസ്സ് എക്യുപ്പ്മെന്റ്സ് തുടങ്ങിയവ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. കൂടാതെ അച്ചടിയ്ക്കാനുള്ള സാധന സാമഗ്രികളും അവയ്ക്കായുള്ള കൺസ്യൂമബിൾസ് സൂക്ഷിക്കുന്നതിനുമായിട്ടുള്ള മൾട്ടീസ്റ്റോറീഡ് ബിൽഡിംഗിന് 2.02 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കാൻ M/s. HLL Infra Tech Service Ltd-നെ ചുമതലപ്പെടുത്തുകയും, പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട് |
| **ബി)** | കോട്ടയം ജില്ലയിൽ കിഫ്ബിയുടെ സഹായത്തോടെ 25 കോടി രൂപ മുതൽ മുടക്കിൽ ഹൈടെക് പ്രിന്റിംഗ് പ്രസ്സ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ ആയത് എവിടെയെന്ന് അറിയിക്കാമോ; | **ബി)** | സി-ആപ്റ്റിനു കീഴിൽ കോട്ടയം ജില്ലയിൽ ഹൈടെക് പ്രിന്റിംഗ് പ്രസ് സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| സി) | ലോട്ടറി അച്ചടിയുടെ ചുമതല സി-ആപ്റ്റിന് ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; | സി) | ലഭിച്ചിട്ടില്ല. നേരത്തെ സി-ആപ്റ്റ് നിർവ്വഹിച്ചുവന്നിരുന്ന സ്ത്രീശക്തി ലോട്ടറി പ്രിന്റിംഗ് തിരികെ നൽകണമെന്നാവശ്യപ്പെട്ട് സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടർ ലോട്ടറി ഡയറക്ടറുമായി ചർച്ച നടത്തുകയുണ്ടായി. തുടർന്ന് ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ബഹു. ധനകാര്യവകുപ്പുമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ലോട്ടറി ഡയറക്ടറിൽ നിന്ന് ബഹു. ധനകാര്യ വകുപ്പുമന്ത്രി റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ലോട്ടറി വകുപ്പ് ഡയറക്ടർ ഇത് സംബന്ധിച്ച് കുറിപ്പ് ധനകാര്യവകുപ്പുമന്ത്രിക്ക് സമർപ്പിച്ചിട്ടുമുണ്ട്. |
| ഡി) | സി-ആപ്റ്റിനെ നവീകരിക്കുവാൻ എത്ര കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്; അവ ഏതെല്ലാമെന്ന് അറിയിക്കാമോ; | ഡി) | സി-ആപ്റ്റിനെ നവീകരിക്കാനായി ഒരു വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിനും പ്രളയദുരിതത്തിൽ നാശോന്മുഖമായ എറണാകുളം സെന്ററിന്റെ പുനരുദ്ധാരണവും സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| ഇ) | സി-ആപ്റ്റിന്റെ വിവിധ സെന്ററുകളിൽ നിന്നും പിരിച്ചുവിട്ട തൊഴിലാളികളെ ഒഴിവുകളുടെയും റിട്ടയർമെന്റിന്റെയും അടിസ്ഥാനത്തിൽ നിയമിക്കാനുള്ള കോടതി വിധി പ്രകാരമുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | ഇ) | സ്ഥാപനത്തിൽ സ്റ്റാഫ് പാറ്റേൺ, പ്രൊമോഷൻ പോളിസി എന്നിവ നടപ്പിലാക്കുന്നതിനായി മൂന്നംഗ കമ്മീഷനെ സർക്കാർ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**